ഉത്തരം

(എ)&(ബി)റാങ്ക് പുനർനിർണ്ണയം ചെയ്തതതുമൂലം ഏതെങ്കിലും പ്രൊഹഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാത്തവരായി ആരും തന്നെയില്ല. എന്നാൽ ചിലർക്ക് കോഴ്സുകളിൽ മാറ്റം വന്നിട്ടുണ്ട്.

114 (492) റബ്ബൈസ്ഡ് റോഡുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബൈസ്ഡ് റോഡുകൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) റബ്ബൈസ്ഡ് റോഡുകളുടെ അഭികാമ്യത സംസ്ഥാനത്ത് ഇതിനോടകം പരീക്ഷിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) റബ്ബൈസ്ഡ്-കയ്യൈസ്ഡ് റോഡുകൾ സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിപ്പിക്കുവാനും വ്യാപിപ്പിക്കുവാനും ഉതകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) ആവിഷ്കരിച്ചു വരുന്നു.

(ബി) സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ റബ്ബറൈസ് ചെയ്യുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഗുണകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്ത് റബ്ബറൈസ്ഡ് റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിവരുകയാണ്.

115 (494) വിദ്യാഭ്യാസരംഗത്തെ മാനവീയം പരിപാടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവീയം പരിപാടിയും വിദ്യാഭ്യാസരംഗവുമായി എന്തെല്ലാം ബന്ധമുണ്ട്.

(ബി) വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എന്തെല്ലാം പരിപാടിയിൽ മാനവീയത്തിന്റെ ഇടപെടൽ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്;

(സി) 1999-ലെ സ്കൂൾ യുവജനോത്സവം സർട്ടിഫിക്കറ്റുകളിൽ മാനവീയത്തിന്റെ മുദ്ര പതിപ്പിക്കുന്നുണ്ടോ;

(ഡി) ഇപ്രകാരം പതിപ്പിക്കണമെന്ന് ഉത്തരവുണ്ടായിട്ടുണ്ടോ;

(ഇ) ഇല്ലാത്ത പക്ഷം സ്കൂൾ യുവജനോത്സവ സർട്ടിഫിക്കറ്റുകളിൽ മാനവീയം മുദ്ര പതിപ്പിക്കുന്നതിനെ എപ്രകാരം സാധൂകരിക്കുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സ്കൂൾ യുവജനോത്സവ സർട്ടിഫിക്കറ്റുകളിൽ ഗവൺമെന്റ് ഉത്തരവ് ഇല്ലാതെ അതിന്റെ നടത്തിപ്പുകാർക്ക് ഏതു മുദ്രയും പതിപ്പിക്കാനുള്ള അധികാരം ഉണ്ടോ?

ഉത്തരം

(എ) മാനവീയം പരിപാടിയുടെ സംസ്ഥാനതല ഉൽഘാടനത്തോടനുബന്ധിച്ച് മാനവീയം പതാക സ്കൂളുകളിൽ ഉയർത്തുന്നതിന് മികവ് തെളിയിക്കുന്നതിനും കൂടാതെ ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് കാശും വസ്ത്രവും സമാഹരിക്കുന്നതിലേക്കായി 23.11.1999 ന് നടന്ന പരിപാടിയിൽ സഹകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും നിർദ്ദേശം നൽകിയിരിന്നു.

(ബി) സ്കൂൾ കുട്ടികൾക്ക് പ്രത്യേക അസംബ്ലി, പ്രതിജ്ഞ, സ്കൂൾ പരിസര ശുചീകരണപരിപാടി, സംഘഗാനം എന്നിവ നടത്താനുദ്ദേശിക്കുന്നു.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) ഇല്ല

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) യുവജനോത്സവ നടത്തിപ്പിന് അതാതു തലത്തിൽ രൂപീകരിക്കുന്ന സംഘാടക സമിതിക്ക് ഇതു സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്.

116 (496) സംസ്ഥാനത്തെ റോഡുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വില്ലേജ് റോഡുകൾ പി.ഡബ്ളിയു.ഡി. ഏറ്റെടുത്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) എത്ര ഗ്രാമീണ റോഡുകൾ ജില്ലാ റോഡുകളായി ഉയർത്തി;

(സി) എത്ര ജില്ലാ റോഡുകൾ സ്റ്റേറ്റ് ഹൈവേയായി ഉയർത്തി; അവ ഏവ;

(ഡി) എത്ര ഗ്രാമീണ റോഡുകൾ ഏറ്റെടുത്ത് ഭരണാനുമതി നൽകി; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 15 എണ്ണം. ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

കണ്ണൂർ	-	2
മലപ്പുറം	-	1
പത്തനംതിട്ട	-	7
കൊല്ലം	-	1
കോട്ടയം	-	2
തിരുവനന്തപുരം	-	2
ആകെ	-	**15**

LIBRARY ARCHIVES Kerala Legislative Assembly